**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6449** **10-07-2024 - ൽ മറുപടിയ്ക്ക്**

**നരിമടയിലെ എസ്.ടി. നിവാസികൾക്ക് പട്ടയം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ലിന്റോ ജോസഫ്** | | **ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി)** | |
| (എ) | കോഴിക്കോട് താലൂക്ക് കുമാരനല്ലൂർ വില്ലേജിൽ ചുണ്ടരളംപൊയിൽ നരിമട എസ്.ടി. പ്രകൃതി നിവാസികളായ എത്ര കുടുംബങ്ങൾക്ക് ഇനിയും ഭൂമി സംബന്ധമായ അവകാശ രേഖ ലഭിക്കാനുണ്ടെന്ന് വ്യക്തമാക്കുമോ; | (എ) | **കോഴിക്കോട് താലൂക്കിൽ കുമാരനെല്ലൂർ വില്ലേജിൽ ചുണ്ടരളംപൊയിൽ നരിമട എസ്.ടി. പ്രകൃതി നിവാസികളായ മുതുവാൻ വിഭാഗത്തിൽപ്പെട്ട 14 കുടുംബങ്ങൾക്ക് ഭൂമിയുടെ ഉടമസ്ഥാവകാശം ലഭിക്കാനുണ്ട്.** |
| (ബി) | ഇതിന്റെ നടപടിക്രമങ്ങൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ? | (ബി) | **കോഴിക്കോട് താലൂക്ക് കുമാരനല്ലൂർ വില്ലേജ് അള്ളി ദേശത്ത് ചുണ്ടരളംപൊയിൽ നരിമടയിൽ പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് പാരമ്പര്യമായി കൈമാറികിട്ടിയതും രജിസ്റ്റർ ചെയ്ത രേഖകളൊന്നും തന്നെ ഇല്ലാത്തതുമായ ഭൂമിക്ക് നികുതി സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ട് ടി ഭൂമിയുടെ കൈവശക്കാർ അപേക്ഷ സമർപ്പിച്ചതിൻ പ്രകാരം ടി ഭൂമി കുമാരനല്ലൂർ വില്ലേജ് അള്ളി ദേശത്ത് അൺ സർവ്വേയിൽ പെടുന്നതാണെന്നും പൈതൃകമായി കൈമാറികിട്ടിയതാണെന്നും ടി സ്ഥലത്തിന് രജിസ്റ്റർ ചെയ്ത ആധാരമോ മറ്റ് രേഖകളോ ഇല്ലെന്നും ടി സ്ഥലത്തിന്റെ അതിര് വനഭൂമിയാണെന്നും വന ഭൂമി ജണ്ടകെട്ടി തിരിച്ചിട്ടുണ്ടെന്നും കുമാരനല്ലൂർ വില്ലേജ് ഓഫീസർ കോഴിക്കോട് തഹസിൽദാർക്ക് റിപ്പോർട്ട് സമർപ്പിച്ചിരുന്നു. ടി ഭൂമി പരിശോധിച്ചതിൽ നരിമടയിൽ പട്ടികവർഗ്ഗ കുടുംബങ്ങൾ താമസിക്കുന്ന സ്ഥലം കുമാരനല്ലൂർ വില്ലേജ് അള്ളി ദേശത്ത് അൺ സർവ്വേയിൽപ്പെട്ടതാണെന്നും സ്ഥലത്തിന്റെ ഒരു ഭാഗം വനഭൂമിയായതിനാൽ ഫോറസ്റ്റ് സർവെയറുടെ സാന്നിദ്ധ്യത്തിലാണ് സർവ്വേ നടപടികൾ പൂർത്തീകരിച്ചതെന്നും കുടുംബങ്ങൾ നിശ്ചിത ആർ സ്ഥലം കൈവശം വച്ച് വരുന്നുണ്ടെന്നും താലൂക്ക് സർവ്വെയർ റിപ്പോർട്ട് സമർപ്പിച്ചിരുന്നു. മേൽ പ്രസ്താവിച്ച സ്ഥലം സർക്കാർ നിക്ഷിപ്ത വനഭൂമിയിലോ ഇ.എഫ്.എൽ ഭൂമിയിലോ ഉൾപ്പെട്ടതല്ല എന്ന് കോഴിക്കോട് ഡി.എഫ്.ഒ.യും റിപ്പോർട്ട് ചെയ്തിരുന്നു.** |

| | | | |
|---|---|---|---|
| | | | പ്രസ്തുത ഭൂമി സർക്കാർ പുറമ്പോക്ക് ഭൂമിയിൽ ഉൾപ്പെടുന്നില്ലെന്ന് ഉറപ്പുവരുത്തി കേരള ഭൂനികുതി നിയമപ്രകാരം ഭൂനികുതി സ്വീകരിക്കാവുന്നതാണെന്ന ജില്ലാ കളക്ടറുടെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ഭൂനികുതി സ്വീകരിച്ചുവരുന്നുണ്ട്. നരിമടയിലെ പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ലാന്റ് ട്രിബ്യൂണൽ മുഖേന പട്ടയം ലഭ്യമാക്കുന്നതിനുള്ള നടപടി റവന്യൂ വകുപ്പ് സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ